P2- 277/18




പ്രേഷിതൻ

ആനപ്പാറ റഷീദ് (വിവരാവകാശ പ്രവർത്തകൻ)

ആനപ്പാറ (H)

പത്തനംതിട്ട

സ്വീകർത്താവ്

വിവരാവകാശ ഓഫീസർ

സാമൂഹ്യനീതി വകുപ്പ് ജില്ലാ ഓഫീസ്, പത്തനംതിട്ട.

സർ,

വിഷയം : **നരിയാപുരം** , വി. കോട്ടയം എന്നിവിടങ്ങളിലെ അംഗൻവാടികളുടെ പ്രവർത്തനം സംബന്ധിച്ച് ഉന്നത അധികാരികൾക്ക് **പരാതി** നൽകുന്നതിനുള്ള വിവരങ്ങൾ ലഭിക്കുന്നതിനായി **വിവരാവകാശനിയമം അനുസരിച്ചുള്ള** അപേക്ഷ.

**നരിയാപുരം**, വി.കോട്ടയം എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻ വാടി കളിൽ ജോലിചെയ്യുന്ന വർക്കർ മാരായ , വിമല, രശ്മ എന്നീ വർക്കർമാർ കഴിഞ്ഞ മാസം മുതൽ വിവിധ ട്രയിനിംഗിന്റെ ഭാഗമായി അംഗൻ വാടികളുടെ ദൈനംദിന പ്രവർത്തനങ്ങളിൽനിന്നും വിട്ടുനില്ക്കുന്നു. ഇതു കാരണം അംഗൻവാടികളുടെ ഉപഭോക്താക്കളായ കുട്ടികൾ, സ്ത്രീകൾ എന്നിവർക്ക് വളരെ അധികം പ്രയാസങ്ങൾ നേരിടുന്നു. അന്വേഷണത്തിൽ, **കോന്നി അഡീഷണൽ സി. ഡി. പി. ഒ യുടെ ഉത്തരവാദിത്തമില്ലാത്ത പ്രവർത്തങ്ങളാണ്** ഇതിനു കാരണം എന്ന് അറിയുന്നു. സി.ഡി പി.ഓ തന്റെ അധികാരപരിധിക്കുപുറത്തേക്കുപോലും ഈ വർക്കർ മാരെ ട്രയിനിംഗിന്റെ പേരിൽ അയക്കുന്നതുകാരണം അംഗൻവാടികളുടെ പ്രവർത്തനം നടക്കാതെ വരുന്നു. അന്വേഷിച്ചപ്പോൾ ഇനി വരുന്ന ആഴ്ച്ചകളിലും ഈ വർക്കർമാർ ട്രയിനിംഗിലായിരിക്കും എന്നു അറിയുന്നു. **അടുത്ത ട്രയിനിംഗുകൾക്ക് മറ്റ് സീനിയർമാരായ വർക്കർമാരെ പരിഗണിക്കാതെ** ഇവരെ തന്നെ അയക്കുന്നതുവഴി ഈ അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികൾ മറ്റ് പ്രൈവറ്റ് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയിലേക്കു അവരുടെ രക്ഷകർത്താക്കളെ തള്ളിവിടുന്നു. **ഇതിനെതിരെ വകുപ്പു മന്ത്രി, വകുപ്പു ഡയറക്ട്ടർ, വിജിലൻസ് സംസ്ഥാന ഡയറക്ടർ, ബാലാവകാശകമ്മീഷണർ എന്നിവർക്കു പരാതി നല്കുന്നതിനായി താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.**

മേൽപ്പടി വർക്കർമാർ അവരവരുടെ അംഗൻവാടികളിൽ 2017- ഡിസംബർ, 2018- ജനവരി മാസങ്ങളിൽ എത്രദിവസം ഹാജരായി ?, കോന്നി അഡീഷണൽ സി. ഡി. പി.ഒ യുടെ അധികാരപരിധിക്കു പുറത്തേക്ക് ഈ വർക്കർമാരെ മറ്റു വർക്കർ മാർക്ക് ട്രയിനിംഗ് നല്കുന്നതിനായി അയച്ചിട്ടുണ്ടോ?, ഉണ്ടെങ്കിൽ ആ ഉത്തരവിന്റെ കോപ്പി , അതാതു സ്ഥലങ്ങളിൽ അതിനു നിയുക്തരായവരെ (ട്രയിനിംഗു നല്കാനായി പരിശീലനം കിട്ടിയവരെ) മാറ്റി നിർത്താനുള്ള കാരണം? ആ മാറ്റി നിർത്തപ്പെട്ട വർക്കർ മാർക്ക് ട്രയിനിംഗ് നല്കിയ വകയിൽ സർക്കാരിനുണ്ടായ നഷ്ടം എത്ര ?

ഈ വിവരങ്ങൾ എത്രയും പെട്ടെന്നുതന്നെ തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു

പത്തനംതിട്ട

29/01/2018.

എന്ന്,

ആനപ്പാറ റഷീദ്